ശ്രീ. ടി. കെ. നാരായണപിള്ള:

ഇപ്പോൾ തിരുവിതാംകൂറിൽ പോലീസുകാക്ക് ഫ ൦ രൂപാ ശമ്പളവും ഫ നൂ മുതൽ ഫ ൪ രൂപാവരെ അലവൻസും കിട്ടും. കൊച്ചിൻ ഡിസ്ട്രിക്ടിലെ പോലീസുകാരനു ഫ ൪ മുതൽ നൂ ൪ രൂപാവരെ ശമ്പളവും ഫ ഫ മുതൽ ഫ ൽ രൂപാവരെ അലവൻസും കിട്ടും.

UNSTARRED QUESTIONS

ഐക്യസംസ്ഥാനത്തിലെ പ്രൈമറി സ്കൂളുകൾ

൧൦. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിസ്റ്റേറ്റിൽ ആകെ എത്ര പ്രൈമറി സ്കൂളുകൾ ഉണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) അവയിൽ എത്ര സ്കൂളുകളിൽ ക്രിസ്ത്യൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ക്രിസ്ത്യൻ സമ്പ്രദായം ഏർപ്പെടുത്തിയ സ്കൂളുകളിൽ പ്രൈവറ്റ് സ്കൂളുകൾ എത്രയെന്നും ഡിപ്പാർട്ടുമെന്റൽ സ്കൂളുകൾ എത്രയെന്നും പറയാമോ;

(ഡി) ക്രിസ്ത്യൻസമ്പ്രദായം എല്ലാസ്കൂളുകളിലും ഏർപ്പെടുത്തണമെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നുണ്ടോ;

(ഇ) ക്രിസ്ത്യൻ സമ്പ്രദായം നിറുത്തണമെന്നോ തുടരണമേന്നോ ഏതാണു ഗവർമ്മെണ്ടിന്റെ നയമെന്നു ദയവായി പറയുമോ;

(എഫ്) ക്രിസ്ത്യൻസമ്പ്രദായം മൂലം എത്ര അദ്ധ്യാപകന്മാർ ജോലിയില്ലാതായിതീർന്നു? അവരിൽ എത്രപേർക്ക് ഉദ്യോഗം കൊടുത്തു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) നൂ വ്യ ൪ ഫ.

(ബി) നൂ ഫ ഫ ൫.

(സി) പ്രൈവറ്റ് സ്കൂളുകൾ. ഫ ൦ ൭ ൭.
ഡിപ്പാർട്ടുമെന്റൽ സ്കൂളുകൾ ഫ ൦ ൪ ന്യ.

(ഡി) ഇല്ല.

(ഇ) നിറുത്തണമെന്നാണ് ഗവർമ്മെണ്ടിന്റെ തീരുമാനം.

(എഫ്) ൯ ൪ ൫. അവരിൽ ൫൯ ഫ പേരെ ഗവർമ്മെണ്ടു് സർവ്വീസിൽ എടുത്തു.

തൊഴിലാളികൾ

൧൧. (ഫ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിൻ സ്റ്റേറ്റിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നു പറയാമോ? അവരിൽ ഇപ്പോൾ (൧൯൫൦)-ൽ തൊഴിലില്ലാത്തവരായി എത്ര പേർ ഉണ്ടെന്നു പറയാമോ;

(ബി) ഫാക്ടറികൾ അടച്ചിട്ടതുമൂലം തൊഴിലില്ലാത്തവരായിത്തീർന്നിട്ടുള്ളവർ എത്ര പേരെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ഫ൯൫ ൫ അവസാനമാകുമ്പോഴേക്കു എത്ര (വീടില്ലാത്ത) തൊഴിലാളികൾക്കു വീടുവെച്ചു കൊടുക്കാമെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നു.

(ഡി) ഫ൯൫-ൽ എത്ര വീടുകൾകെട്ടിച്ചു കൊടുക്കാമെന്നു ഗവർമ്മെണ്ടുദ്ദേശിക്കുന്നു;

(ഇ) തൊഴിലില്ലാതെ വലയുന്ന തൊഴിലാളികൾക്കു് തൊഴിലുണ്ടാക്കുന്നതിനെപ്പറ്റി ഗവർമ്മെണ്ടിനു എന്തെങ്കിലും പദ്ധതിയുണ്ടോ;

(എഫ്) കമ്മൂണിസം വളർക്കുന്നതിന്റെ ഒരു കാരണം തൊഴിലാളികൾക്കു തൊഴിലില്ലാത്തതാണെന്നു ഗവർമ്മെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉദ്ദേശം ൯ ൫൦൫ ൭. ഫ൯൫ ൦-ൽ തൊഴിലില്ലാത്തവരുടെ എണ്ണം കണക്കെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly